**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 97 — 10.12.2012 - ലെ മറുപടിക്ക്

**<u>പിന്നോക്ക സമുദായ സംവരണവും പി.എസ്.സി. നിയമനവും</u>**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. പി.റ്റി.എ. റഹീം | ശ്രീ. ഉമ്മൻ ചാണ്ടി<br>ബഹു. മുഖ്യമന്ത്രി |
| (എ) ഒരു പിന്നോക്ക സംവരണ സമുദായത്തിൽ നിന്നും മറ്റൊരു പിന്നോക്ക സമുദായ ജാതിയിലേയ്ക്ക് മതപരിവർത്തനം നടത്തിയ വ്യക്തിയ്ക്ക് പി.എസ്.സി. നിയമനത്തിൽ സംവരണത്തിന് അർഹതയില്ലെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; | (എ) ഒരു പിന്നോക്ക സംവരണ സമുദായത്തിൽനിന്നും മറ്റൊരു പിന്നോക്ക സമുദായ ജാതിയിലേയ്ക്ക് മതപരിവർത്തനം നടത്തിയ വ്യക്തിയ്ക്ക് പി.എസ്.സി. നിയമനത്തിൽ സംവരണത്തിന് അർഹതയുണ്ട് എന്ന ഉത്തരവൊന്നും നിലവിലില്ല. |
| (ബി) ഇല്ലെങ്കിൽ കോഴിക്കോട് ജില്ലയിലെ പി.എസ്.സി.യുടെ എൽ.ഡി. ടൈപ്പിസ്റ്റ് മെയിൻ റാങ്ക് ലിസ്റ്റിലെ 79 -ാം നമ്പർ റാങ്കുകാരി ഷാജിദയ്ക്ക് സംവരണ ക്വോട്ടയിൽ നിയമനം നൽകാതിരിക്കാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ ? | (ബി) ശ്രീമതി ഷാജിദ കോഴിക്കോട് ജില്ലയിലെ എൽഡി. ടൈപ്പിസ്റ്റ് തസ്തികയുടെ അപേക്ഷയിൽ ഹിന്ദു-തീയ്യ എന്നു രേഖപ്പെടുത്തിയിരിക്കുന്നതിനാൽ ആയത് തെളിയിക്കുന്ന പ്രമാണം ഹാജരാക്കിയാൽ മാത്രമേ സംവരണാനുകുല്യം നൽകുവാൻ കഴിയുകയുള്ളൂ. പരിവർത്തനത്തിലൂടെ സമുദായം മാറിയവർക്ക് സ്വീകരിച്ച സമുദായത്തിന്റെ സംവരണാനുകൂല്യം നൽകുവാൻ നിലവിൽ വ്യവസ്ഥ ഇല്ല. |

സെക്ഷൻ ഓഫീസർ